DESPATCHED
On..22/06/2020
05/05/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**ഹർജി നമ്പർ AP.No.1850(4)/2015/SIC**

**തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.12086/SIC-Gen 2/2015**

**സന്നിഹിതൻ**

**ശ്രീ.**കെ.വി. സുധാകരൻ, സംസ്ഥാന **വിവരാവകാശ കമ്മീഷണർ**

ശ്രീ. നാരായണൻ കക്കടവത്ത്,
മയ്യൽ, പൊതാവൂർ പി.ഒ,
ചെറുവത്തൂർ (വഴി) } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം,
പി.ഡബ്ല്യു.ഡി (റോഡ്സ്) സെക്ഷൻ,
നീലേശ്വരം.

2. അപ്പീൽ അധികാരി,
അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം,
പി.ഡബ്ല്യു.ഡി (റോഡ്സ്) സെക്ഷൻ,
നീലേശ്വരം. } എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ, തെങ്ങാടിമുക്ക് -പൊതാവൂർ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 13.04.2015 ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ലഭിച്ചില്ല എന്നതാണ് പരാതി. റോഡ് നിർമ്മാണത്തിന് സ്ഥലമുടമകളിൽ നിന്ന് സമ്മതപത്രം ലഭിച്ചിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി മറുപടി പറയുമ്പോഴും ടി സമ്മതപത്രങ്ങളുടെ പകർപ്പ് ചോദിച്ചിട്ട് ലഭ്യമല്ല എന്ന മറുപടിയാണ് ലഭിച്ചതെന്നും ടിയാൻ പറയുന്നു. റോഡിന് മുഴുവൻ വ്യക്തികളിൽ നിന്നും ഇതുവരെയും

സമ്മതപത്രം ലഭിച്ചിട്ടില്ലെന്നും, റോഡു നിർമ്മാണവുമായി ബന്ധപ്പെട്ട് കേസ് നിലവിലുണ്ടെന്നും ടിയാൻ അപ്പീൽ ഹർജിയിൽ ആരോപിക്കുന്നുണ്ട്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 27.12.2019 ൽ കാഞ്ഞങ്ങാട് പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ പങ്കെടുത്തു.

3. സമ്മതപത്രം കിട്ടിയെന്ന് ഒന്നാം എതിർകക്ഷി പറയുന്നത് കളവാണെന്നും, റോഡ് പണിയിൽ ദുരൂഹതയുണ്ടെന്നും, കലുങ്ക് കൃത്യമായി പണിതിട്ടില്ലെന്നും അപ്പീൽ ഹർജിക്കാരൻ മൊഴി നൽകി. എന്നാൽ നൽകാൻ കഴിയുന്ന വിവരങ്ങൾ അപ്പീൽ ഹർജിക്കാരന് നൽകിയിട്ടുണ്ട് എന്നാണ് ഒന്നാം എതിർകക്ഷി പറഞ്ഞത്. റോഡ് നിർമ്മാണത്തിന് ആവശ്യമായ നിരാക്ഷേപ പത്രം ലഭ്യമായിട്ടുള്ളതാണെന്നു, റോഡ് സൗജന്യമായി പി.ഡബ്ല്യൂ.ഡി ക്ക് കൈമാറുന്നതിന് പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെന്നും ബോധിപ്പിച്ചുകൊണ്ടുള്ള കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കി. തീരുമാനം കൈക്കൊണ്ട പഞ്ചായത്ത് കമ്മറ്റിയുടെ മിനിറ്റ്സിന്റെ പകർപ്പും ഇതിനൊപ്പം ഹാജരാക്കിയിട്ടുണ്ട്.

4. ഇതെല്ലാം കമ്മീഷൻ വിശദമായി പരിശോധിച്ചു. ഇതിൽ നിന്ന്, വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി പൂർണ്ണമായ തരത്തിൽ നിയമപരമല്ലെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഉദാഹരണത്തിന്, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിലെ നാലാം ചോദ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള പകർപ്പ് ലഭിക്കാൻ ഓഫീസുമായി ബന്ധപ്പെടുക എന്ന മറുപടി നൽകാൻ ഒന്നാം എതിർകക്ഷിക്ക് അവകാശമില്ല. അത് നിയമപരവുമല്ല. അപേക്ഷകൻ ആവശ്യപ്പെട്ട പകർപ്പുകൾ എത്ര പേജ് വരുമെന്ന് തിട്ടപ്പെടുത്തി, ആയതിന് പേജൊന്നിന് രണ്ടുരൂപാ ക്രമത്തിൽ മൊത്തം എത്ര തുക അടയ്ക്കണമെന്നും, അത് ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് അടക്കേണ്ടതെന്നും മറുപടിയിൽ കൃത്യമായി പറയേണ്ടതായിരുന്നു.

5. അതുപോലെ 6-ാം ചോദ്യത്തിന്റെ മറുപടിയായി സ്കെച്ച് പൂർണ്ണമായി വില്ലേജ് ഓഫീസിൽ നിന്ന് ലഭ്യമാകുന്നതാണ് എന്നു പറഞ്ഞിരിക്കുന്നതും നിയമപരമല്ല. ഒന്നാം

RIGHT TO

എതിർകക്ഷി, ഈ ചോദ്യത്തിന്റെ മറുപടി ലഭ്യമാക്കുന്നതിന്, അപേക്ഷയുടെ പകർപ്പ്, അപേക്ഷ കൈപ്പറ്റി അഞ്ച് ദിവസത്തിനുള്ളിൽ, വിവരാവകാശ നിയമത്തിന്റെ 6(3) വകുപ്പ് പ്രകാരം വില്ലേജ് ഓഫീസിലേക്ക് അയച്ചുകൊടുക്കുകയും, അക്കാര്യം അപേക്ഷകനെ അറിയിക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. ഇവിടെ അതുണ്ടായിട്ടില്ല.

6. അപേക്ഷകൻ കമ്മീഷനു സമർപ്പിച്ച അപ്പീലിൽ എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കണമെന്ന ആവശ്യവും ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ടിയാൻ നൽകിയ വിവരാവകാശ അപേക്ഷയിൽ ഇത്തരമൊരു ചോദ്യം കൃത്യമായി ചോദിച്ചിട്ടില്ല. 6(1) അപേക്ഷയിൽ പറയാത്ത കാര്യങ്ങൾ പിന്നീട് അപ്പീലുകളുടെ ഒരു ഘട്ടത്തിലും ഉന്നയിക്കാൻ വിവരാവകാശ നിമയം അനുവദിക്കുന്നില്ല.

7. അപ്പീൽ ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ച ഘട്ടത്തിൽ ലഭ്യമായ സമ്മതപത്രങ്ങളുടെ പകർപ്പ് ടിയാന് നൽകിക്കഴിഞ്ഞതായി ഒന്നാം എതിർകക്ഷി 13.08.2015 ൽ കമ്മീഷനു സർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ നിന്നു മനസിലാക്കുന്നു.

8. ഈ വക കാര്യങ്ങളെല്ലാം പരിശോധിക്കുമ്പോൾ അപേക്ഷകന്റെ 4,6 ചോദ്യങ്ങൾക്കു നൽകിയ മറുപടിയിലാണ് ഒന്നാം എതിർകക്ഷിക്ക് പിശകു സംഭവിച്ചിട്ടുള്ളതെന്ന് കമ്മീഷൻ കരുതുന്നു. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റെന്തെങ്കിലും ക്രമക്കേടുണ്ടെങ്കിൽ, ആയത് പരിശോധിക്കാനുള്ള അധികാരം കമ്മീഷനില്ല.

9. അതുകൊണ്ട് ഒന്നാം എതിർകക്ഷി മറുപടി നൽകിയതിലെ പിഴവുകൾക്ക് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ച്ചയ്ക്കുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണ്. വിശദീകരണമൊന്നും ലഭിക്കുന്നില്ലെങ്കിൽ, ടിയാന് ഇക്കാര്യത്തിൽ കൂടുതലൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

10. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 05.05.2020 ന് താൽക്കാലികമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re

RIGHT TO